# 'നീര'യും നൂറ്റാണ്ടുപഴക്കമുള്ള അബ്കാരി നിയമവും

March 4, 2015

Like Share 0

വെള്ളക്കാരൻ പണ്ടെങ്ങോ ഉണ്ടാക്കിയ അബ്കാരി നിയമത്തിൽ തട്ടി 'നീര' ചെത്ത് കടലാസിലൊതുങ്ങുന്നു. കേരകർഷകനെയും കേരളത്തെതന്നെയും കടക്കെണിയിൽനിന്ന് രക്ഷിക്കാൻ പര്യാപ്തമായ നീര ചെത്ത് ഭരണമെന്നത് എന്തെന്നറിയാത്ത, രാഷ്ട്രീയ ഇച്ഛാശക്തി തൊട്ടുതെറിച്ചിട്ടില്ലാത്ത ഇടത് വലത് മുന്നണികൾ വീണ്ടും കുളമാക്കുന്നു.

കഴിഞ്ഞ ഇടതുമുന്നണി സർക്കാരിന്റെ കാലത്ത് സത്യൻ മൊകേരി കേരകർഷന്റെ സ്വപ്നപദ്ധതിയായി അവതരിപ്പിച്ച നീര വെളിച്ചംകണ്ടില്ല. ഇന്നിതാ കൃഷി-എക്സൈസ് മന്ത്രിമാരുടെ 'ഈഗോ' വീണ്ടും നീരയുടെ കുമ്പുനുള്ളുന്നു. ഒരുകാരണവശാലും കേരകർഷകൻ രക്ഷപെട്ടുകൂടാ എന്ന വാശിയിലാണവർ. മുഖ്യമന്ത്രിക്ക് ഇത് പരിഹരിക്കാനെവിടെ നേരം?

യഥേഷ്ടം എല്ലാ കേരകർഷകരെയും നീരചെത്താൻ അനുവദിക്കും എന്ന് പ്രഖ്യാപിച്ച് കേരകർഷകരെ സ്വപ്നംകാണാൻ പ്രേരിപ്പിച്ച കൃഷിവകുപ്പ് മന്ത്രിക്ക് തന്റെ പ്രഖ്യാപനം നടപ്പാക്കാൻ കഴിയുമോ? മഹാരാഷ്ട്രയിലെ മുന്തിരി കർഷകർ വീഞ്ഞുണ്ടാക്കിവിറ്റ് കോടികൾ സമ്പാദിക്കുന്നു. വീഞ്ഞുൽപാദനത്തിൽ ഫ്രാൻസിനൊപ്പമെത്താൻ അവർ മത്സരിക്കുമ്പോൾ കേരളത്തിലെ കേരകർഷകരെ കണ്ണീരിലാഴ്ത്താൻ മത്സരിക്കുന്നു രണ്ട് മന്ത്രിമാർ. ഇത്തരം കെടുകാര്യസ്ഥതയ്ക്കറുതിവരുത്താൻ എന്തുകൊണ്ട് അധ്വാനശീലരായ കർഷകർക്കും അവരുടെ സംഘടനകൾക്കും കഴിയുന്നില്ല?

കെ.വി. സുഗതൻ, എരമല്ലൂർ, ആലപ്പുഴ